Online Class Supporting Materials

## MALAPPURAM EDUCATIONAL DISTRICT

### Class 10 Biology Unit-4 അകറ്റിനിർത്താം രോഗങ്ങളെ
### Model Worksheet - 1

**1.** തന്നിട്ടുള്ള സൂചനകളിൽനിന്നും സാംക്രമികരോഗം തിരിച്ചറിയുക, രോഗകാരി വിഭാഗത്തിന്റെ പേരും എഴുതുക:

- **a.** ത്വക്കിൽ വട്ടത്തിലുള്ള ചുവന്ന തിണർപ്പുകൾ. സ്പർശനത്തിലൂടെ പകരുന്നു.
- **b.** കരൾവീക്കം, ശ്ലേഷ്മസ്തരത്തിലും കണ്ണിലും നഖത്തിനും മഞ്ഞനിറം വരുന്നു.
- **c.** വിറയലോടുകൂടിയ കടുത്തപനിയും അമിത വിയർപ്പും. അനോഫിലിസ് കൊതുകുകൾ വഴി പകരുന്നു.
- **d.** ലിംഫോസൈറ്റുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞ് പ്രതിരോധശേഷി ഇല്ലാതാവുന്നു.


**2.** രോഗകാരികൾ പെരുകുന്നത് തടയാനുള്ള ഏതെങ്കിലും നാല് കാര്യങ്ങൾകൂടി കൂട്ടിച്ചേർക്കുക.


| | |
|---|---|
| * മാസ്ക് ധരിക്കുക. | * 'ഡ്രൈ ഡേ' ആചരിക്കുക. |
| * | * |
| * | * |

**3.** A, B, C കോളങ്ങളിലുള്ളവയെ ഉചിതമായ രീതിയിൽ ബന്ധിപ്പിക്കുക:

| A | B | C |
|---|---|---|
| a. ലെപ്റ്റോസ്പൈറ | -ക്ഷയം | -ഡിസംബർ 1 |
| b. ഫൈലേറിയൽ വിര | -എയ്ഡ്സ് | -ആന്തര രക്തസ്രാവം |
| c. മൈക്കോബാക്ടീരിയം | -ഡിഫ്തീരിയ | -ക്യൂലക്സ് കൊതുക് |
| d. കോറിനി ബാക്ടീരിയം | -എലിപ്പനി | -ബി.സി.ജി. |
| e. എച്ച്. ഐ. വി. | -മന്ത് | -ചുമ, തുമ്മൽ |

**4.** ചിത്രത്തിലുള്ള വൈറസുകളെ തിരിച്ചറിഞ്ഞ് പേരെഴുതുക:

A 

B 

C 

**5.** വിട്ടുപോയത് കണ്ടെത്തുക :

- **a.** ബാക്ടീരിയ : പ്രോകാരിയോട്ട്, പ്രോട്ടോസോവ : -------------- ?
- **b.** ഹീമോഫീലിയ : ജനിതകരോഗം. സിക്കിൾസെൽ അനീമിയ : -------------- ?
- **c.** ലിംഫിന്റെ പ്രവാഹം തടസ്സപ്പെടുന്നു : മന്ത്, ലിംഫ് ഗ്രന്ഥികൾക്ക് വീക്കം : -------------- ?

**6.** ഫംഗസ് രോഗത്തിനും ജനിതകരോഗത്തിനും രണ്ട് ഉദാഹരണം നൽകുക. ഓരോന്നിന്റെയും ഓരോ ലക്ഷണം വീതം എഴുതുക.

**7.** കൊതുകുകളിലൂടെ പകരുന്ന മൂന്ന് രോഗങ്ങളുടെ പേരെഴുതുക.
(മാതൃക:- ഈഡിസ് കൊതുക് - ചികുൻഗുനിയ)